# ടൂറിസം പ്രശ്നമോ പരിഹാരമോ?



കേരളത്തിൽ, ലോകത്താകെ ടൂറിസം ഒരു തരംഗമായി വ്യാപിക്കുകയാണ്. വികസനം ഇതുവഴി, ഇതുവഴി മാത്രമെന്ന് കേരള സർക്കാരും പറയുന്നു.

നാമെല്ലാം സഞ്ചാരികളാണ്, പലതരം യാത്രകളിലൂടെ. എന്നാൽ ടൂറിസ്റ്റ് എന്ന് പറയുമ്പോൾ വെറും കാഴ്ചക്കാരല്ല. ടൂറിസം വ്യവസായം തൊഴിലും വരുമാനവും വികസനവും ഉണ്ടാക്കുമെന്നും ഇനി കേരളത്തിന്റെ രക്ഷ ഇതേയുള്ളൂവെന്നും 'ദൈവത്തിന്റെ സ്വന്തം നാട്ടി'ലെ ഭരണാധികാരികളും വ്യവസായികളും പറയുന്നു. അതിനായി തീരദേശവും കാടും പുഴകളും കായലും കുന്നുകളുമെല്ലാം മാറ്റപ്പെടുന്നു. ആദിവാസി, ദളിത്, മുക്കുവ, സ്ത്രീ, പിന്നോക്ക വിഭാഗങ്ങൾ ഓരങ്ങളിലേക്ക് അതിവേഗം മാറ്റപ്പെടുന്നു. ഉവ്വ്, തീർച്ചയായും ടൂറിസം വഴി സമ്പത്തും വികസനവുമുണ്ടാകുന്നുണ്ട്. നേട്ടങ്ങൾ മാത്രമായി ഒരു വ്യവസായവുമില്ല. പക്ഷേ, ലോകത്തിന്റെയും കേരളത്തിന്റെയും ഇന്നത്തെ സാഹചര്യത്തിൽ ഇപ്പോഴത്തെ ടൂറിസത്തെ സൂക്ഷ്മമായി വിശകലനം ചെയ്ത് നാം തന്നെ ഒരു ധാരണയിലെത്തേണ്ടതുണ്ട്. സ്വാതന്ത്ര്യം, സമത്വം.... എന്നൊക്കെ സ്വപ്നം കാണുന്ന സ്വയംഭരണത്തിലും ജനാധിപത്യത്തിലുമുള്ള ഒരു രാഷ്ട്രീയ സംവിധാനത്തിൽ വിശ്വസിക്കുന്ന, ആത്മാഭിമാനമുള്ള അന്തസ്സോടെയുള്ള ജീവിതമാഗ്രഹിക്കുന്ന നമുക്ക് ഈ വികസനം നിലനില്പും ഭാവിയും സുസ്ഥിരതയും നല്കുന്നുണ്ടോ?

പരിസ്ഥിതി ടൂറിസവും ഉത്തരവാദിത്ത ടൂറിസവും ആരോഗ്യ ടൂറിസവും-ഇങ്ങനെ പല പേരിൽ എത്തിക്കൊണ്ടിരിക്കുന്ന വമ്പൻ പദ്ധതികൾ തദ്ദേശീയരുടെ എതിർപ്പുകളെ മറികടക്കാൻ പുതിയ മുദ്രാവാക്യങ്ങളും ആകർഷകത്വവുമായി നമ്മെ രക്ഷിക്കുകയാണോ? അതോ വളഞ്ഞുവെയ്ക്കുകയാണോ?

വിഭവങ്ങളിൽനിന്നും ഉപജീവന പരിസരങ്ങളിൽനിന്നും കടപുഴക്കിയെറിയപ്പെടുന്ന വിവിധ വിഭാഗങ്ങൾ പുതിയൊരു തിരിച്ചറിവിലേക്ക് അടിസ്ഥാന രാഷ്ട്രീയത്തെ നിർവ്വചിക്കുന്ന പശ്ചാത്തലത്തിലാണ് നമ്മുടെ ജീവിതം. ലാഭവും തൊഴിലും വരുമാന വർദ്ധനവും എന്നൊക്കെ പറഞ്ഞ് എന്ത് പദ്ധതികൾ വന്നാലും ഇരുകയ്യുംനീട്ടി സ്വീകരിക്കാൻ പറ്റാത്ത ദുരന്തഭൂമിയായി അതിലോല കേരളം മാറുമ്പോൾ ടൂറിസം മേഖലയെ സമചിത്തതയോടെ വിലയിരുത്താനായുള്ള ആമുഖമാകുന്നു ഈ ലക്കം കേരളീയം. കേരളീയരുടെ ഗൗരവമായ അന്വേഷണത്തിൽ ടൂറിസത്തിന്റെ പുനഃപരിശോധന വൈകാതെ ഉണ്ടാകുമെന്ന് ആശിക്കുന്നു.